# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4443

25-10-2016-ൽ മറുപടിക്ക്

## വ്യവസായ കേന്ദ്രങ്ങളിൽ ഇൻക്യുബേഷൻ സെന്റർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. വി.ടി.ബൽറാം | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്കായി എല്ലാ ജില്ലകളിലെയും വ്യവസായ കേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) യുവതലമുറയെ സംരംഭക മേഖലയിലേക്ക് ക്ഷണിച്ചുകൊണ്ടു വരാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) & (ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനും സംരംഭങ്ങൾ നടത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു.<br><br>യുവ സംരംഭകർക്കായി എറണാകുളം ജില്ലയിലെ കാക്കനാടുള്ള ഇൻഫോപാർക്ക് ക്യാമ്പസിലും അങ്കമാലിയിലെ ഇൻകെൽ ക്യാമ്പസിലും കെ.എസ്.ഐ.ഡി.സി.യുടെ ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ വിവിധ കോളേജുകൾ/ യൂണിവേഴ്സിറ്റികളുമായി സഹകരിച്ച് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട അഞ്ച് കോളേജുകളിൽ കെ.എസ്.ഐ.ഡി.സി.യുമായി സഹകരിച്ച് സ്ഥാപിച്ച ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻക്യുബേഷൻ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.ടി. വിഭാഗത്തിൽപ്പെട്ട കോളേജുകൾക്കാവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

| | |
|---|---|
| **(സി)** സംരംഭകർക്കായി എന്തെല്ലാം സഹായങ്ങളും, ഉപദേശങ്ങളുമാണ് ഇവിടെ നൽകുന്നത് ; വിശദീകരിക്കുമോ ? | **(സി)** 1. സംരംഭകന്റെ പ്രായോഗിക പരിജ്ഞാനവും, അനുഭവ സമ്പത്തും, അഭിരുചിയും കണക്കിലെടുത്ത് പ്രോജക്ട് തിരഞ്ഞെടുക്കുന്നതിന് ഉപദേശം നൽകുന്നു.<br>2. പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നു.<br>3. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സംരംഭകന് വേണ്ടി hand holding service നൽകുന്നു.<br>4. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നു.<br>5. ലൈസൻസുകളും, ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടർ, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള ഉപദേശങ്ങൾ നൽകുന്നു. |

സെക്ഷൻ ഓഫീസർ